(ബി) നിർദ്ദിഷ്ട മന്ദിരം 11 നിലകളിലായി നിർമ്മിക്കുന്നതിനാണ് ആദ്യം നടപടി സ്വീകരിച്ചത്. ഇതനുസരിച്ച് 68.50 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. നിർദ്ദിഷ്ട മന്ദിരം 14 നിലകളായി വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുക 89 കോടി രൂപയാണ്.

റിസ്ക് ഫണ്ട് പദ്ധതി

74(2062) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസ്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതിയിൽ എന്തെല്ലാം മാറ്റങ്ങൾവരുത്തി ; വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; മുൻ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് ഈ ഇനത്തിൽ നൽകിയത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പ കാലാവധികഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയമായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ്

LIBRARY ARCHIVES Kerala Legislative Assembly

രോഗം ബാധിച്ചവർ തുടങ്ങി വായ്പയെടുത്തശേഷം മാരകരോഗം പിടിപെട്ടവരുടെ വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെവരുന്ന കേസ്സുകളിൽ വായ്പാ മുതലിനത്തിൽ 75,000 രൂപയുടെ ആനുകൂല്യം നൽകാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധിതീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിന് കുടിശ്ശിക വരുത്താത്ത വായ്പക്കാർക്ക് വായ്പാ ബാധ്യത ഒഴിവാക്കുന്നതിന് ആനുകൂല്യം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക്ഫണ്ട് പദ്ധതിയിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുകയുണ്ടായി :

1. ആനുകൂല്യ തുക ഒരു ലക്ഷം രൂപയിൽനിന്ന് ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിച്ചു (പ്രീമിയം 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയുമായി ഉയർത്തി).

2. വായ്പാക്കാലാവധി കഴിഞ്ഞ വായ്പകളെയും പദ്ധതിയിൽ ഉൾപ്പെടുത്തി.

3. പ്രായപരിധി വായ്പാ കാലാവധിയിൽ 65 വയസ്സ് എന്നത് മരണ തീയതിയിൽ 70 വയസ്സ് എന്നാക്കി ഭേദഗതി ചെയ്തു.

4. മരണപ്പെടുന്ന വായ്പക്കാരുടെ വായ്പകൾക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയമായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നീ മാരക രോഗം പിടിപെട്ട വായ്പക്കാരുടെ വായ്പകൾക്കുടി ലഭ്യമാക്കി ചികിത്സാ ധനസഹായമായി 75,000 (എഴുപത്തഞ്ചായിരം രൂപ) രൂപ വരെ അനുവദിക്കുന്നതിന് തീരുമാനിച്ചു.

5. സഹകരണ റിസ്ക്ഫണ്ട് പദ്ധതിയിൽ നാളിതുവരെ ചേർന്നിട്ടില്ലാത്തതും നിലവിലുള്ളതുമായ വായ്പകളെ 24-1-2015 തീയതിക്കകം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സമയം അനുവദിച്ചിരുന്നു.

6. മാരകരോഗം പിടിപെടുന്ന വായ്പക്കാരുടെ വായ്പകൾക്ക് ചികിത്സാ ധനസഹായം നൽകുമ്പോൾ കുടിശ്ശിക നിബന്ധന ഒഴിവാക്കി.

LIBRARY ARCHIVES Kerala Legislative Assembly

7. മാരകരോഗം പിടിപെട്ടന്ന വായ്പക്കാരുടെ ചികിത്സാ ധനസഹായ അപേക്ഷയിൽ ഗവൺമെന്റ് ആശുപത്രികൾക്ക് പുറമെ സ്വകാര്യ സഹകരണ ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ചികിത്സാ രേഖകളും സർട്ടിഫിക്കറ്റുകളും സ്വീകാര്യമാക്കി.

(സി) റിസ്ക്ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ 113,62,48,952 രൂപയും മുൻ സർക്കാരിന്റെ കാലത്ത് 6,14,04,607 രൂപയും ഉൾപ്പെടെ 2015 മെയ് 31 വരെ ആകെ 119,76,53,559 (നൂറ്റിപത്തൊൻപത് കോടി എഴുപത്താറ് ലക്ഷത്തി അൻപത്തിമൂന്നായിരത്തി അഞ്ഞൂറ്റി അമ്പത്തൊമ്പത് രൂപ) രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

(ഡ) റിസ്ക്ഫണ്ട് സ്കീം പ്രകാരം പദ്ധതി നടത്തിപ്പിനുള്ള ചുമതല കേരള സഹകരണ നിയമം 57-ാം വകുപ്പ് പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിൽ ബോർഡിന് ഒരു മേഖലാ ഓഫീസ് തുടങ്ങി. റിസ്ക്ഫണ്ട് പദ്ധതി സംബന്ധിച്ച് കാലാകാലങ്ങളിലെ ഭേദഗതി വാർത്താ മാധ്യമങ്ങൾമുഖേന വ്യാപകമായി പ്രചാരണം നൽകിയിട്ടുണ്ട്. സ്കീം സംബന്ധിച്ച വിവരങ്ങൾ എല്ലാ അംഗസംഘങ്ങൾക്കും സർക്കിൾ സഹകരണ യൂണിയനും അയച്ചുകൊടുത്തിട്ടുണ്ട്. വായ്പ വിതരണം ചെയ്യുന്ന എല്ലാ വായ്പാ സഹകരണ സംഘങ്ങളും റിസ്ക്ഫണ്ട് പദ്ധതിയിൽ ചേരണമെന്നും ചേരാത്ത സംഘങ്ങളുടെ വായ്പാ വിതരണത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ലെന്നും സഹകരണ നിയമ വകുപ്പ് 57D(3)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കുകളുടെ നെല്ല് സംഭരണം

75(2063) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിക്കാർക്ക് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ പലിശരഹിത വായ്പ നൽകിവരുന്നുണ്ട് ;

(ബി) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ട് ; 1-7-2011 മുതൽ 31-5-2015 വരെയുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) നെല്ല് സംഭരിച്ച വകയിൽ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ കർഷകർക്ക് വില നൽകുന്നതിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly